# <u>ധനകാര്യം</u>

## <u>2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച</u>

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങേയ്ക്ക് ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാവുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സർ, "ലോകത്ത് എവിടെയുമെനിക്കൊരു വീടുണ്ട്" എന്ന് അഭിമാനത്തോടെ പാടിയ, വിശ്വമാനവികതയുടെ കവിയായിരുന്നു ഒ.എൻ.വി. സങ്കുചിത ചിന്താഗതികളിൽ കുടുങ്ങി മനുഷ്യസമൂഹം കൊച്ചുകൊച്ചു കൂടാരങ്ങളിലേയ്ക്ക് ഒതുങ്ങിക്കൂടുന്ന ഈ കാലഘട്ടത്തിൽ ആ കവിയുടെ ജീവിതവും കൃതികളും വരുംതലമുറകൾക്ക് എന്നും ഓർക്കാനായി തലസ്ഥാനത്ത് അദ്ദേഹത്തിന്റെ പ്രതിമയും ജന്മനാട്ടിൽ മ്യൂസിയവും സ്ഥാപിക്കാൻ അതിവേഗം തീരുമാനമെടുത്ത മുഖ്യമന്ത്രിയെയും സംസ്ഥാന സർക്കാരിനെയും ഞാൻ ആദ്യമായി അഭിനന്ദിക്കുന്നു.

എന്റെ ഇഷ്ട പുസ്തകങ്ങളിലൊന്നാണ് ഒ.എൻ.വി. കുറുപ്പ് സാർ മഹാകവി രവീന്ദ്രനാഥടാഗോറിനെക്കുറിച്ച് എഴുതിയ "അമീ കവി". "ആരാണ് നീ" എന്ന ചോദ്യത്തിന് ടാഗോർ പറഞ്ഞ മറുപടി അതിൽ കാവ്യാത്മകമായി പ്രതിപാദിച്ചിട്ടുണ്ട്. 'അമീ കവി - ഞാൻ ഒരു കവി. പിന്നെയോ മറ്റുപലതിന്റേയുമൊരു

ദൂതൻ'. .......(ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ : എന്റെ പ്രസംഗം മേശപ്പുറത്തുവയ്ക്കാൻ അനുവദിക്കണം. ബഹളമുണ്ടാകുമെന്ന് അറിയാമായിരുന്നതിനാൽ ഞാൻ പ്രസംഗം എഴുതി തയ്യാറാക്കി കൊണ്ടുവന്നിട്ടുണ്ട്.

മി. സ്പീക്കർ : പ്രസംഗിക്കാൻ അവസരമില്ലാത്ത സാഹചര്യത്തിൽ പ്രസംഗം അങ്ങേയ്ക്ക് മേശപ്പുറത്തുവയ്ക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ എന്റെ പ്രസംഗം മേശപ്പുറത്തുവയ്ക്കുന്നു*.

മി. സ്പീക്കർ: സഭ നടത്തിക്കൊണ്ടുപോകുവാൻ നല്ല അന്തരീക്ഷമില്ലാത്ത സാഹചര്യത്തിൽ ഇന്നത്തെ മറ്റു പ്രസംഗങ്ങളെല്ലാം ഒഴിവാക്കുന്നു. ഓർഡർ....., ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.31-ന് പിരിഞ്ഞു.)

***********

* അനുബന്ധമായി ചേർത്തിട്ടുണ്ട്.